**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **23-08-2022 - ൽ മറുപടിയ്ക്ക്**

**യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദിച്ച കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വിമാനത്തിൽ വച്ച് മർദ്ദിച്ചതിന് ഇടതു മുന്നണി കൺവീനർക്കെതിരെ കോടതി നിർദ്ദേശ പ്രകാരം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തെ ചോദ്യം ചെയ്തിട്ടുണ്ടോ; നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (എ) | വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 623/2022 നമ്പരായി കേസെടുത്തിട്ടുണ്ട്. പരാതിക്കാരുടെ മൊഴി രേഖപ്പെടുത്തുന്നതിനായി 160 Cr.PC പ്രകാരം 22/07/2022, 27/07/2022 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ സ്റ്റേഷനിൽ ഹാജരാകാത്തതിനാൽ ഇവരുടെ മൊഴി രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. |
| (ബി) | മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധിച്ച കേസിലെ ജാമ്യ വ്യവസ്ഥ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പ്രവേശിക്കാൻ സാധിക്കാത്തവരുടെ മൊഴി മറ്റേതെങ്കിലും സ്ഥലത്ത് വെച്ച് എടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | സ്റ്റേഷനിൽ ഹാജരായി 160 Cr.PC പ്രകാരം മൊഴി നൽകുന്നതിന് യാതൊരുവിധ തടസ്സവും ഇല്ലാത്തതാണ്. |
| (സി) | എൽ ഡി എഫ് കൺവീനർ ശിക്ഷിക്കപ്പെടാതിരിക്കാൻ വേണ്ടി പോലീസ് പ്രസ്തുത കേസ് അട്ടിമറിക്കുന്നുവെന്ന ആരോപണത്തെ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ നടപടികൾ വേഗത്തിലാക്കുമോ ? | (സി) | ആരോപണം അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ